**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1414** **14-03-2022 - ൽ മറുപടിയ്ക്ക്**

**പുതുതായി ആരംഭിച്ച ഐ.ടി.ഐ.കളിൽ ആവശ്യം വേണ്ട പുതിയ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ മിനിമം 4 ട്രേഡും 8 യൂണിറ്റും ആരംഭിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; | (എ) | (എ) സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ മിനിമം 4 ട്രേഡും 8 യൂണിറ്റും ആരംഭിക്കണമെന്ന നിർദ്ദേശം ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് നൽകിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയത് പ്രാവർത്തികമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | (ബി) എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും സർക്കുലർ മുഖേന ട്രെയിനിംഗ് ഡയറക്ടർ അറിയിപ്പ് നൽകിയിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പുതുതായി ആരംഭിച്ച ഐ.ടി.ഐ.കളിൽ ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; | (സി) | (സി) സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് അവശ്യം വേണ്ട തസ്തികകൾ ഉൾപ്പെടെ സൃഷ്ടിച്ചു നല്കിക്കൊണ്ടാണ് പുതുതായി ഐ.ടി.ഐ.കൾ അനുവദിച്ചിട്ടുള്ളത്. തുടർന്ന് പുതിയ അധിക തസ്തികകൾ ഒന്നും സൃഷ്ടിച്ചിട്ടില്ല. |
| (ഡി) | ഐ.ടി.ഐ.കളിൽ ഇൻസ്ട്രക്ടർമാരുടെ പ്രമോഷൻ യഥാസമയം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | (ഡി) വ്യാവസായിക പരിശീലന വകുപ്പിലെ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റത്തിന് യഥാസമയം നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ